പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1388 | 14.6.2013-ൽ മറുപടിക്ക്

## ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | സെപ്ടിക് ടാങ്കുകളിൽ നിന്നുമുള്ള മാലിന്യം ജലാശയങ്ങളിൽ ഒഴു ക്കുന്നത് മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിൻ പ്രകാരം എവിടെയെല്ലാം ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിച്ചുവെന്നറിയിക്കാമോ ; | എ) | സെപ്ടിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യം ശേഖരിച്ച് ജില്ലാതലത്തിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ KSUDP യുടെ പ്രോജക്റ്റിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ കൂട്ടത്തിൽ തന്നെ സെപ്റ്റേജും സംസ്കരിക്കുന്ന നടപടിയാണ് കൈക്കൊണ്ടിട്ടുള്ളുത്. ഇതിൽ ആദ്യത്തെ പ്ലാന്റ് തിരുവനന്തപുരം നഗരസഭയിൽ 2013 ജൂൺ 30-ഓടു കൂടി പ്രവർത്തനം തുടങ്ങാനുള്ള നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്. ഈ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ തിരുവനന്ത പുരം ജില്ലയിലെ സെപ്റ്റേജ് കൂടി സംസ്ക്കരണത്തിനുള്ള നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്. കൊല്ലം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുവാനുള്ള നടപടിക്രമങ്ങൾ KSUDP പൂർത്തിയാക്കി വരുന്നു. ഇതു കൂടാതെ പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, മലപ്പുറം, പാലക്കാട്, കണ്ണൂർ, വയനാട് എന്നിവിടങ്ങളിൽ കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള StandAlone സ്ഥാപിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. |
| ബി) | ഇതു സ്ഥാപിക്കുന്നതിന് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരുന്നത് ; | ബി) | തീരുമാനം ആയിട്ടില്ല. |
| സി) | എന്ത് തുകയാണ് ഇവ സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ നീക്കിവച്ചിരുന്നത്; അതിന് എന്ത് തുക ചെലവഴിച്ചു;വിശദമാക്കുമോ? | സി) | 2013-14 വർഷത്തിൽ ഇതിനായി വകയിരുത്തിയിരിക്കുന്ന 2.5 കോടി രൂപ ഇതിനായി ചെലവഴിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ